**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **08-06-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഉല്പന്നങ്ങളുടെ വില്പനയിലുണ്ടായിട്ടുള്ള ഇടിവും കൈത്തറി മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഹാൻവീവിനും മറ്റ് കൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ നാളിതുവരെ വിവിധ കൈത്തറി സ്ഥാപനങ്ങൾക്കായി സർക്കാർ നൽകാനുള്ള കുടിശ്ശിക തുക എത്ര രൂപയാണെന്ന് അറിയിക്കുമോ; | (ബി) | ഹാൻവീവിനും മറ്റ് കൈത്തറി സൊസൈറ്റികൾക്കും കഴിഞ്ഞ സാമ്പത്തിക വർഷം 20 കോടി രൂപയുടെ റിബേറ്റ് അപേക്ഷകളിൽ അർഹത നിർണയിച്ച് മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നോൺ പ്ലാൻ ബഡ്ജറ്റ് വിഹിതമായ 10.00 കോടി രൂപയിൽ ഹാൻവീവിൽ നിന്നും സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘ ങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള 8,64,08,825/- രൂപയുടെ റിബേറ്റ് അപേക്ഷകൾ പരിശോധിച്ച് അർഹത നിർണയിച്ച് തുക അനുവദിക്കുന്നതാണ്. |
| (സി) | ഇതുമൂലം നഷ്ടത്തിലായ സൊസൈറ്റികൾ തൊഴിലാളികളുടെ പി.എഫിലേക്കുള്ള വിഹിതം അടയ്ക്കാത്തതുകാരണം തൊഴിലാളികൾക്ക് പി.എഫ്. പെൻഷൻ ലഭിക്കാത്ത സാഹചര്യം പരിശോധിക്കുക ഉണ്ടായോ; | (സി) | കഴിഞ്ഞ ഒന്നര വർഷമായി തുടരുന്ന കോവിഡ് മഹാമാരിമൂലമുള്ള ലോക്ക്ഡൗണും പ്രതിസന്ധിയും കാരണം പല സംഘങ്ങൾക്കും തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ സംഘങ്ങൾക്ക് ഉൽപാദനം കുറഞ്ഞതിനാൽ പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കാൻ കഴിയാത്തതു കാരണം ചില സംഘങ്ങളിൽ ഇക്കാലയളവിൽ വിരമിച്ചവർക്ക് പി.എഫ്.പെൻഷൻ ക്ലെയിം സമർപ്പിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. |
| (ഡി) | എങ്കിൽ കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ കോവിഡിന്റെ പശ്ചാത്തലത്തെ തുടർന്നുള്ള ലോക്ക്ഡൗണും മറ്റ് പ്രതിസന്ധികളും കാരണം കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായി, കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ |

| | | | |
|---|---|---|---|
| | | | റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റ് ആയി അനുവദിച്ചിരുന്നു. കൈത്തറി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിമാസം 1000 രൂപ അനുവദിക്കുന്നതിനുള്ള നടപടിയും കൈകൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ